## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2086. 26.03.2013 ൽ മറുപടിയ്ക്ക്.

**<u>കണ്ടക്ടർ - ഡ്രൈവർ ലൈസൻസുകൾക്കുള്ള പരീക്ഷകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടി</u>**

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ബസ് കണ്ടക്ടർ ലൈസൻസ് ടെസ്റ്റിന്റെയും, ഡ്രൈവേഴ്സ് ബാഡ്ജ് ടെസ്റ്റിന്റെയും നിലവിലുള്ള പരീക്ഷാരീതി എന്തെന്നു വ്യക്തമാക്കുമോ ; | (എ) | കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ അദ്ധ്യായം II, III എന്നിവയിൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബസ് കണ്ടക്ടർ ലൈസൻസ് ടെസ്റ്റിനും, ഡ്രൈവേഴ്സ് ബാഡ്ജ് ടെസ്റ്റിനും വാചാ പരീക്ഷയാണ് നിലവിലുള്ളത്. കണ്ടക്ടർ ലൈസൻസിനും, ഡ്രൈവിംഗ് ലൈസൻസ് ബാഡ്ജിനുമായി അപേക്ഷിക്കുന്നവർ ലൈസൻസിംഗ് അതോറിറ്റികളുടെ മുൻപിൽ ബന്ധപ്പെട്ട രേഖകളുമായി ഹാജരാകുകയും, ലൈസൻസിംഗ് അതോറിറ്റി ലൈസൻസ്, ബാഡ്ജ് എന്നിവ നല്കുന്നതിന് മുൻപ് അപേക്ഷകന് വാചാ പരീക്ഷ നടത്തുകയും ചെയ്യുന്നു. അതിൽ വിജയിക്കുന്നവർക്കാണ് കണ്ടക്ടർ ലൈസൻസ്, ബാഡ്ജ് എന്നിവ നല്കുന്നത്. |
| (ബി) പ്രസ്തുതപരീക്ഷകൾക്കു വ്യക്തമായ സിലബസ് നിശ്ചയിച്ച്, കമ്പ്യൂട്ടർവത്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) കമ്പ്യൂട്ടർവത്ക്കരിക്കാനുള്ള സാങ്കേതികതടസ്സം എന്താണെന്നു വിശദമാക്കുമോ; പ്രസ്തുതതടസ്സം പരിഹരിക്കാൻ എത്ര കാലം വേണ്ടി വരുമെന്നറിയിക്കുമോ; | (സി) | നിലവിലുള്ള പല ഓഫീസുകളിലും കണ്ടക്ടർ ലൈസൻസ്, ഡ്രൈവേഴ്സ് ബാഡ്ജ് എന്നിവയ്ക്ക് വേണ്ടി അപേക്ഷിക്കുന്നവർക്ക് കൂടി കമ്പ്യൂട്ടറിൽ പരീക്ഷ നടത്തുന്നതിന് വേണ്ട സൗകര്യം ലഭ്യമല്ല. മാത്രമല്ല, കമ്പ്യൂട്ടർവത്കൃത പരീക്ഷ നടത്തു |

| | | |
|---|---|---|
| | | ന്നതിന് നിലവിലുള്ള കേരള മോട്ടോർ വാഹനചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്. ഇത്തരത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് പൂർണ്ണമായി കമ്പ്യൂട്ടർ വത്ക്കരിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും സാങ്കേതിക നടപടികൾക്കും എത്ര സമയം വേണ്ടിവരുമെന്ന് മുൻകൂട്ടി നിശ്ചയിക്കുവാൻ കഴിയുകയില്ല. |
| (ഡി) കമ്പ്യൂട്ടർവത്ക്കരണം, അഴിമതിയും എം.വി.ഐ.മാരുടെ ജോലിഭാരവും കുറയ്ക്കാൻ സഹായിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ , കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കണ്ടക്ടർ ലൈസൻസ് ടെസ്റ്റ് നടത്തുന്നതിലും ഡ്രൈവർ ബാഡ്ജ് ടെസ്റ്റ് നടത്തുന്നതിലും അഴിമതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കമ്പ്യൂട്ടർവത്ക്കരണം വഴി എം.വി.ഐ. മാരുടെ ജോലിഭാരം കുറയ്ക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. കണ്ടക്ടർ ലൈസൻസ് ടെസ്റ്റ് ഡ്രൈവേഴ്സ് ബാഡ്ജ് ടെസ്റ്റ് എന്നിവ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.